# MALAYALA MANORAMA

**Tourism to cruise ahead**

**Date :** 2.1.2020 **| Edition : All Kerala | Page :** 8 **| Clip size (cm) : W:** 9 **H:** 24


---

# മുന്നിൽ കുതിക്കണം, നമ്മുടെ ടൂറിസം

## അടിസ്ഥാന സൗകര്യങ്ങൾ മികവുറ്റതാക്കണം

പ്രളയാനന്തര കേരളത്തിനു പ്രതീക്ഷ നൽകി നമ്മുടെ ടൂറിസം മേഖല ശുഭവാർത്തകൾ കേൾപ്പിക്കുകയാണ്. ഇടയ്ക്കൊന്നു തളർന്ന വിനോദസഞ്ചാര രംഗത്തുണ്ടായ ഇപ്പോഴത്തെ കുതിപ്പ് എങ്ങനെ വർധിപ്പിക്കാമെന്നും നിലനിർത്താമെന്നുമുള്ള ആലോചനകൾ അതുകൊണ്ടുതന്നെ അടിയന്തരമായി ഉണ്ടാവണം.

പ്രളയം സൃഷ്ടിച്ച മാന്ദ്യത്തെ മറികടന്ന്, കേരള ടൂറിസത്തിന്റെ നവോന്മേഷം വിളംബരം ചെയ്ത്, ഫെബ്രുവരി വരെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും കനത്ത ബുക്കിങ്ങാണ് ഉണ്ടായിരിക്കുന്നത്. ക്രിസ്മസ്-പുതുവത്സര സീസണിൽ മിക്കയിടത്തും മുറി കിട്ടാനില്ലാത്ത അവസ്ഥയുണ്ടായി. വിദേശികൾ മാത്രമല്ല അയൽ സംസ്ഥാനങ്ങളിൽനിന്നും മുംബൈ പോലുള്ള വൻനഗരങ്ങളിൽനിന്നും സഞ്ചാരികളുടെ വലിയ ഒഴുക്കാണുണ്ടായത്. കഴിഞ്ഞ സീസണിൽ ഇതേ സമയം എല്ലായിടത്തും മുറികൾ നിറയാത്ത സാഹചര്യമായിരുന്നുവെന്നു കൂടി ഓർമിക്കാം. ഈ ടൂറിസം സീസണിന് 15% വാർഷിക വളർച്ചനിരക്ക് ടൂറിസം വകുപ്പ് കണക്കാക്കുകയും ചെയ്തു.

കേരളത്തിനു വർഷം 34,000 കോടി രൂപയുടെ വരുമാനം നേടിത്തരുന്ന വ്യവസായമാണ് ടൂറിസം. 15 ലക്ഷം പേർക്കു പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകുന്ന ഈ മേഖലയിൽ ഇനിയുമേറെ മുന്നോട്ടുപോകാൻ സർക്കാരും പൊതുസമൂഹവും പല കാര്യങ്ങളും ചെയ്യേണ്ടതുണ്ട്. രാജ്യാന്തര വിമാനത്താവളങ്ങൾ, തുറമുഖം, ട്രെയിൻ - ബസ്- മെട്രോ സർവീസുകൾ... എല്ലാമുണ്ട് നമുക്ക്. പക്ഷേ, കൊച്ചിയിൽ വന്നിറങ്ങുന്ന ഒരു സഞ്ചാരിക്കു മൂന്നാറിലോ വയനാട്ടിലോ എത്താൻ എത്ര മണിക്കൂർ റോഡിലൂടെ സഞ്ചരിക്കണം? എത്രയെത്ര ഗതാഗതക്കുരുക്കിൽ കുടുങ്ങിക്കിടക്കണം? അടിസ്ഥാന സൗകര്യവികസനം ടൂറിസത്തിന്റെ വളർച്ചയ്ക്കുകൂടി വേണ്ടതാണ്. പൊട്ടിപ്പൊളിഞ്ഞ റോഡുകളിൽക്കൂടി, മണിക്കൂറുകൾ നീളുന്ന യാത്രകൾ സഞ്ചാരികളെ അകറ്റുകയേ ഉള്ളൂ. പതിവായി ഗതാഗതക്കുരുക്കുള്ള പ്രധാനയിടങ്ങളിൽ മേൽപാലങ്ങളും ബൈപാസുകളും നിർമിക്കേണ്ടതും കാലത്തിന്റെ ആവശ്യമാണ്.

ആഭ്യന്തരയുദ്ധത്തിനുശേഷം ശ്രീലങ്ക ടൂറിസം രംഗത്തു കൈവരിച്ച നേട്ടങ്ങൾ നമുക്കു മുന്നിലുണ്ട്. കേരളത്തെക്കാൾ മോശമായ സാഹചര്യങ്ങളിൽ നിന്നാണ് ശ്രീലങ്ക ലോകോത്തരനിലവാരത്തിലേക്ക് ഉയർന്നതെന്നത് അയൽക്കാരായ നമുക്കുകൂടി കാണാനുള്ളതാണ്. അടിസ്ഥാനസൗകര്യ വികസനത്തിന്റെയും ശുചിത്വത്തിന്റെയും കാര്യത്തിൽ ലങ്ക ഇതിനകം തന്നെ കേരളത്തെക്കാൾ മുന്നേറിക്കഴിഞ്ഞു. സഞ്ചാരികളോടുള്ള മനോഭാവത്തിന്റെ കാര്യത്തിൽ ഉൾപ്പെടെ ശ്രീലങ്ക നമുക്കു മികച്ച മാതൃകയാണുതാനും. കുറച്ചു വർഷംമുൻപ്, ചില സർക്കാർനയങ്ങളുടെ ഭാഗമായി നമ്മുടെ ടൂറിസം മേഖല തളർന്നപ്പോൾ, കേരളത്തിനു പകരം ശ്രീലങ്ക തിരഞ്ഞെടുത്ത സഞ്ചാരികളുടെ എണ്ണം കുറച്ചൊന്നുമല്ല. ശ്രീലങ്കയിൽ സമീപകാലത്തുണ്ടായ നിർഭാഗ്യസംഭവങ്ങൾ സഞ്ചാരികളെ ബാധിച്ച സാഹചര്യത്തിൽ കേരളത്തിന്റെ ക്ഷണം ലോകം കേൾക്കേ കൂടുതൽ ഉച്ചത്തിൽ ഉയരുകയും വേണം.

പരിസ്ഥിതി പൂർണമായും സംരക്ഷിച്ചുകൊണ്ട് നാട്ടുകാരുടെ പങ്കാളിത്തത്തോടെയുള്ള ഉത്തരവാദിത്ത വിനോദസഞ്ചാര വികസനത്തിനു കേരളം പ്രാധാന്യം നൽകേണ്ടതുണ്ട്. വെറും കാഴ്ചകൾക്കപ്പുറത്ത് അനുഭവങ്ങൾകൂടി തേടുന്ന സഞ്ചാരികളുടെയും മനസ്സുനിറയ്ക്കാനാവണം. കാർഷിക, ഗ്രാമീണ മേഖലകളിലേക്കും നമ്മുടെ ടൂറിസം ശ്രദ്ധയൂന്നേണ്ടതുണ്ട്. പൊതുഗതാഗതസംവിധാനങ്ങൾ കാര്യക്ഷമമാക്കിയും കായലുകളും നദികളും സംരക്ഷിച്ചും മാലിന്യസംസ്കരണത്തിനും ശുചിത്വത്തിനും പ്രഥമ പരിഗണന നൽകിയുമാവണം നാം വിനോദസഞ്ചാരികളെ വരവേൽക്കേണ്ടത്. ഹർത്താലും വഴിമുടക്കി പ്രതിഷേധവുമെല്ലാം വിനോദസഞ്ചാരികളെ അകറ്റുകയേയുള്ളൂ എന്ന തിരിച്ചറിവ് രാഷ്ട്രീയപാർട്ടികൾക്കും സംഘടനകൾക്കും കൈവരികയും വേണം.

ഇപ്പോഴുണ്ടായ കുതിപ്പിൽനിന്ന് ഊർജം ഉൾക്കൊണ്ട്, കേരള ടൂറിസത്തിന്റെ വളർച്ചയും വരുമാനവും വർധിക്കേണ്ടതുണ്ട്. നവകേരളത്തിന്റെ അടിസ്ഥാന ശിലകളിലൊന്നായി ടൂറിസം പരിണമിക്കാൻ ബഹുമുഖങ്ങളിൽ ശ്രമം ഉണ്ടാവുകതന്നെ വേണം.